ഭൂജലനിരപ്പിൽ താഴ്ചയുണ്ടാകുന്നതിനുള്ള കാരണവും നിയന്ത്രണവും

47 (4655) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഭൂജലനിരപ്പിൽ താഴ്ചയുണ്ടായിട്ടുണ്ട് ;

(ബി) ഇപ്രകാരം ഭൂജല നിരപ്പിൽ താഴ്ചയുണ്ടാകാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള ഭൂജല നിരപ്പിലെ താഴ്ചയെ ഏതു വിധത്തിൽ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എച്ച്. ഐ. എസ്. ഡേറ്റാ ഉപയോഗിച്ച് വിശകലനം നടത്തിയതിൽ നിന്നും തിരുവനന്തപുരത്ത് 12 ഉം എറണാകുളത്ത് 9 ഉം ഇടുക്കിയിൽ 5 ഉം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ 7 വീതവും തൃശ്ശൂർ, മലപ്പുറം, വയനാട്, ജില്ലകളിൽ 3 വീതവും, പത്തനംതിട്ട, കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഓരോന്നും വില്ലേജുകളിൽ ഭൂജലനിരപ്പിൽ താഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഭൂജലത്തിന്റെ അമിതമായ ചൂഷണമാണ് ഭൂജലനിരപ്പ് താഴുന്നതിന് കാരണം. നഗരവൽക്കരണം, നദികളിലെ മണൽ വാരൽ, കുളങ്ങളുടെ നികത്തൽ, മഴയുടെ അളവിലുണ്ടായ കുറവ്, കുഴൽക്കിണറുകളുടെ എണ്ണത്തിലുണ്ടായ വർദ്ധന എന്നിവ ഭൂജലനിരപ്പിന്റെ താഴ്ചയ്ക്ക് കാരണമാവുന്നുണ്ട്.

(സി) മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവ നടപ്പാക്കി ഭൂജലനിരപ്പിലെ താഴ്ചയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും.

എല്ലാ ജനങ്ങൾക്കും ജലം നൽകുവാൻ നടപടി

48 (4656) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശതമാനം ആളുകൾക്ക് സുരക്ഷിത ജലം നൽകുവാൻ കഴിയുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ജനങ്ങൾക്കും എന്നത്തേയ്ക്ക് സുരക്ഷിത ജലം നൽകുവാൻ കഴിയും ;

(സി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കേണ്ടതുണ്ട് ;

(ഡി) ഈ ലക്ഷ്യത്തിനുവേണ്ടി ഏതെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ ജനതയ്ക്ക് 59% വും നഗരവാസികൾക്ക് 79% വും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

(ബി) ധനലഭ്യതയ്ക്കും പദ്ധതി ഘടകങ്ങൾക്ക് ആവശ്യമായ സ്ഥല ലഭ്യതയ്ക്കും വിധേയമായി 2006-2007 ഓടുകൂടി എല്ലാ ജനങ്ങൾക്കും മിതമായ തോതിലെങ്കിലും ശുദ്ധജലം നൽകുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായി ഇപ്പോൾ പണി നടന്നു വരുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കേണ്ടതുണ്ട്. അതുപോലെ തന്നെ നിലവിലുള്ള പദ്ധതികളുടെ മെയിന്റനൻസ്, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സ്രോതസ് സംരക്ഷണം എന്നിവയും നടപ്പാക്കേണ്ടതുണ്ട്. പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതുമുണ്ട്.

(ഡി&ഇ) ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പണി നടന്നു വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ 224 പദ്ധതികൾ സമയബന്ധിതമായി തീർക്കാനായി ആക്ഷൻ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. അതിന്റെ വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.* സെക്ടർ റിഫോംസ് പദ്ധതിയിൻ കീഴിലും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ചെറുകിട ഗ്രാമീണ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കത്തക്ക രീതിയിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം

49 (4657) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല സ്രോതസ്സുകൾ, ജലസംഭരണി, റിസർവോയറുകൾ എന്നിവ വ്യാപകമായി മലിനീകരിക്കപ്പെടുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly